**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3818** **03-03-2023 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. റാങ്ക് പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാറ്റഗറി നമ്പർ 116/2017 എൽ.ഡി.സി (തമിഴ്, മലയാളം അറിയാവുന്നവർ) തസ്തികയുടെ 03.12.2021-ൽ പ്രസിദ്ധീകരിച്ച സാധ്യത പട്ടിക റിവൈസ് ചെയ്യുകയും 25.02.2022-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരെ പുറത്താക്കി പുതിയ സാധ്യത പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) | റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ, ചുരുക്ക പട്ടിക റിവൈസ് ചെയ്ത് പി.എസ്.സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | കാറ്റഗറി നമ്പർ 459/2016 എൽ.ഡി.സി (കന്നട, മലയാളം അറിയാവുന്നവർ) തസ്തികയുടെ 21.12.2021 ൽ പ്രസിദ്ധീകരിച്ച സാധ്യത പട്ടിക സമാനരീതിയിൽ റിവൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് നാളിതുവരെ പ്രസിദ്ധീകരിക്കാത്തതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. ടി തസ്തികയുടെ തെരഞ്ഞെടുപ്പിൽ കന്നഡ മലയാളം എന്നിവയ്ക്ക് 40% മാർക്ക് നേടിയിരിക്കണം എന്ന പി.എസ്.സി തീരുമാനത്തിനെതിരെ ഉദ്യോഗാർത്ഥികൾ കേസ് ഫയൽ ചെയ്തിരുന്നു . പ്രസ്തുത കേസിന്റെ ഇടക്കാല ഉത്തരവ് പ്രകാരം ടി തസ്തികയ്ക്കായി പ്രസിദ്ധീകരിച്ച സാധ്യതാപട്ടികയുടെ തുടർനടപടികൾ കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. |
| (സി) | കാറ്റഗറി നമ്പർ 274/2018 കന്നട ട്രാൻസ്ലേറ്റർ തസ്തികയുടെ സാധ്യത പട്ടിക 25.02.2022 ൽ പ്രസിദ്ധീകരിച്ചിട്ടും നാളിതുവരെ പ്രസ്തുത തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (സി) | ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കു 04.05.2022നു interview നടത്തിയിട്ടുണ്ട്. ടി തസ്തികയുടെ വിജ്ഞാപനപ്രകാരം നിശ്ചിത യോഗ്യതയുള്ള List 1 ഉദ്യോഗാർത്ഥികളുടെ അഭാവത്തിലാണ് നിശ്ചിത യോഗ്യതയിൽ ഇളവുകൾ ഉള്ള List 2 ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നത്. ടി തസ്തികയുടെ തെരഞ്ഞെടുപ്പിൽ List 1 ൽ ഉൾപ്പെടാൻ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമായിരുന്നതിനാൽ മേൽ ചുരുക്കപ്പട്ടികയുടെ 03.01.2023 ൽ പ്രസിദ്ധീകരിച്ച കൂട്ടിചേർക്കൽ വിജ്ഞാപനം വഴി ഉൾപ്പെടുത്തിയ 22 ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ നടത്തി തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ